ഉത്തരം

(എ)&(ബി) സംസ്ഥാനത്ത് പുതിയതായി പോലീസ് സ്റ്റേഷനുകൾ തുടങ്ങുവാനുദ്ദേശിക്കുന്ന സ്ഥലങ്ങളുടെ ഒരു മുൻഗണനാ ലിസ്റ്റ് 13-12-1999-ലെ ജി.ഒ.(ആർ.ടി.)5656/99/ആഭ്യന്തരം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അംഗീകരിച്ചിട്ടുണ്ട്. (പകർപ്പ് *അനുബന്ധമായി വരുന്നു)

**കോണത്തുകുന്നിലും കല്ലേറ്റുംകരയിലും പോലീസ് സ്റ്റേഷനുകൾ അനുവദിക്കുന്ന നടപടി**

**52 (1520)** ശ്രീ. ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാള നിയോജകമണ്ഡലത്തിൽ കോണത്തുകുന്നിലും കല്ലേറ്റുംകരയിലും പോലീസ് സ്റ്റേഷനുകൾ അനുവദിക്കുന്ന നടപടി എവിടെവരെയായി എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പോലീസ് സ്റ്റേഷനുകൾ എന്നത്തേയ്ക്ക് യാഥാർത്ഥ്യമാകും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ)&(ബി) ഇപ്പോൾ പരിഗണനയിലില്ല.

**പോലീസ് സ്റ്റേഷൻ പരിസരത്ത് കൂട്ടിയിട്ടിരിക്കുന്ന വാഹനങ്ങൾ**

**53 (1521)** ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസും എക്സൈസും പിടിച്ചെടുത്ത വാഹനങ്ങൾ വർഷങ്ങളായി പോലീസ് സ്റ്റേഷൻ പരിസരത്ത് തന്നെ ഇട്ടിരിക്കുന്നതിന്റെ ഫലമായി തുരുമ്പെടുത്ത് നശിച്ചുകൊണ്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരത്തിൽ ലക്ഷക്കണക്കിന് രൂപയുടെ വാഹനങ്ങൾ നഷ്ടപ്പെടുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നടപടി സ്വീകരിച്ചുവരുന്നു.

**പോലീസ് ഔട്ട്പോസ്റ്റ് ആരംഭിക്കുന്നതിന് നടപടി**

**54 (1522)** ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നേമം നിയോജക മണ്ഡലത്തിലെ മൊട്ടമൂട് കേന്ദ്രമായി ഒരു പോലീസ് ഔട്ട്പോസ്റ്റ് ആരംഭിക്കണമെന്നാവശ്യപ്പെട്ട് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly